**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

*3537/സി/2015/കെഎസ്.എച്ച്ഒ* *28.12.2016*

## പരിപത്രം

വിഷയം: കുടുംബശ്രീ – 4% പലിശയ്ക്ക് അയൽക്കൂട്ട വായ്പ – ലഭ്യമാക്കുന്നത് – സംബന്ധിച്ച്.
സൂചന: 2016–17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം.

സൂചന പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുമെന്ന് ബഹു.ധനമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതുപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള കുടുംബശ്രീ ഗ്രൂപ്പുകൾക്ക് എൻ.ആർ.എൽ.എം, പ്ലാൻ ഫണ്ട് എന്ന വ്യത്യാസമില്ലാതെ ഒരേ സ്കീം തന്നെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പലിശ സബ്സിഡിക്കായി ലഭ്യമാകുന്ന ഫണ്ടുകൾ ലയിപ്പിച്ച് ഒരു ശീർഷകത്തിൽ വകയിരുത്തിയ ശേഷം ജില്ലാമിഷനുകൾ വഴി 4% പലിശ നിരക്കിൽ ലിങ്കേജ് വായ്പകൾക്കും ജെ.എൽ.ജി വായ്പകൾക്കും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**യോഗ്യതാമാനദണ്ഡം:-**

- കേരളത്തിലെ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ സഹകരണ ബാങ്കുകളിൽ നിന്നോ ബാങ്ക്ലിങ്കേജ് എടുത്തിട്ടുള്ള ഗ്രാമ/നഗര പ്രദേശങ്ങളിലെ സി.ഡി.എസ് അംഗമായിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങളും പ്രസ്തുത സ്കീമിന് യോഗ്യരാണ്.
- 3 ലക്ഷം രൂപവരെയുള്ള ലോണിന് മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളു.
- 24 മാസത്തിനുള്ളിൽ ഒറ്റത്തവണ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭിക്കുകയുള്ളൂ.
- നിലവിൽ കുടുംബശ്രീ വഴി പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പുതിയ സ്കീമിന്റെ ആനുകൂല്യം

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org

ലഭിക്കണമെങ്കിൽ നിലവിലുള്ള വായ്പ അടച്ചുതീർക്കുകയും നിബന്ധനകൾ പൂർത്തിയാക്കേണ്ടതുമാണ്.

- അയൽക്കൂട്ടങ്ങളുടെ സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ലഭ്യമാകുന്ന രീതിയിലാകും സബ്സിഡി നൽകുക.
- പരമാവധി 12.5% പലിശയ്ക്കുള്ള ലിങ്കേജ് വായ്പയ്ക്ക് 4% കുറവുചെയ്ത് പരമാവധി 8.5% പലിശ സബ്സിഡിയാണ് ലഭ്യമാക്കുന്നത്

**സബ്സിഡി നടത്തിപ്പിന്റെ ക്രമീകരണം**

- ബാങ്കിന്റെ നിയമങ്ങൾക്കനുസരിച്ചായിരിക്കും അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് ലഭ്യമാകുക.
- ബാങ്കുമായി പറഞ്ഞുറപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും അയൽക്കൂട്ടങ്ങൾ തിരിച്ചടവ് നടത്തുക.
- പുതിയ സ്കീം പ്രകാരം 4% പലിശ നിരക്കിലായിരിക്കും അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാകുക. (ഉദാ:ഒരു അയൽക്കൂട്ടം 12.5% പലിശയ്ക്കാണ് വായ്പ എടുക്കുന്നതെങ്കിൽ അതിൽ 4% പലിശ മാത്രമേ അയൽക്കുട്ടങ്ങൾ അടയ്ക്കേണ്ടതായിട്ടുള്ളൂ. ബാക്കിയുള്ള 8.5% പലിശ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതായിരിക്കും.
- 36 മാസത്തേയ്ക്കുള്ള വായ്പകൾക്ക് മാത്രമാണ് സബ്സിഡി സ്കീം അനുവദിക്കുക. കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് തന്നെ അയൽക്കൂട്ടങ്ങൾ തങ്ങളുടെ ബാധ്യത തീർക്കേണ്ടതാണ്.
- അയൽക്കൂട്ടം തങ്ങളുടെ വായ്പയിന്മേലുള്ള തിരിച്ചടവുകൾ 24 മാസം കൊണ്ട് പൂർത്തീകരിക്കുകയാണെങ്കിൽ മൂന്നാമത്തെ വർഷത്തേയ്ക്കുള്ള (അടുത്ത 12 മാസത്തേയ്ക്കുള്ള) സബ്സിഡി ആനുകൂല്യം ലഭിക്കുകയില്ല.
- തിരിച്ചടവുകളിൽ പാളിച്ചകളോ പാകപ്പിഴകളോ വരുത്തിയിട്ടുണ്ടെങ്കിൽ സബ്സിഡി ആനുകൂല്യത്തിന് പ്രസ്തുത ഗ്രൂപ്പ് അയോഗ്യരായിത്തീരും.

**സബ്സിഡി നടത്തിപ്പിന്റെ ഉത്തരവാദിത്വം**

- ജില്ലാ മിഷനായിരിക്കും അതതു ജില്ലകളിലെ അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാക്കുക
- ഓരോ മൂന്നുമാസം കൂടുമ്പോഴും പലിശ സബ്സിഡി അപേക്ഷകൾ പ്രോസസ് ചെയ്യുന്നതായിരിക്കും. ഇത് തൊട്ടടുത്ത

മാസത്തിലായിരിക്കും പ്രോസസ് ചെയ്യുന്നത്. (ഉദാ: ഓരോ വർഷവും ഫെബ്രുവരി മാസത്തിൽ വരുന്ന അപേക്ഷകളുടെ പലിശ സബ്സിഡി തൊട്ടടുത്ത ഏപ്രിൽ മാസത്തിൽ ആയിരിക്കും അനുവദിക്കുക)

സബ്സിഡി എസ്റ്റിമേഷൻ റ്റൂൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്:

കരുതൽ/അധികം

***അംഗീകാരത്തോടെ,***

Bijumon

***അക്കൗണ്ട്സ് ഓഫീസർ***

# EMI Calculator

| | |
|---|---|
| Loan Amount | 100000 |
| Loan Term (Years) | 3 |
| Payments Per Year | 12 |
| Rate of Interest | 8.50% |
| Monthly Installment | 3157 |

| S.No | thly Installr | Interest | Principal | Balance |
|---|---|---|---|---|
| 0 | | | | 100000 |
| 1 | 3157 | 708 | 2448 | 97552 |
| 2 | 3157 | 691 | 2466 | 95086 |
| 3 | 3157 | 674 | 2483 | 92603 |
| 4 | 3157 | 656 | 2501 | 90102 |
| 5 | 3157 | 638 | 2519 | 87583 |
| 6 | 3157 | 620 | 2536 | 85047 |
| 7 | 3157 | 602 | 2554 | 82493 |
| 8 | 3157 | 584 | 2572 | 79920 |
| 9 | 3157 | 566 | 2591 | 77329 |
| 10 | 3157 | 548 | 2609 | 74720 |
| 11 | 3157 | 529 | 2627 | 72093 |
| 12 | 3157 | 511 | 2646 | 69447 |
| 13 | 3157 | 492 | 2665 | 66782 |
| 14 | 3157 | 473 | 2684 | 64098 |
| 15 | 3157 | 454 | 2703 | 61396 |
| 16 | 3157 | 435 | 2722 | 58674 |
| 17 | 3157 | 416 | 2741 | 55933 |
| 18 | 3157 | 396 | 2761 | 53172 |
| 19 | 3157 | 377 | 2780 | 50392 |
| 20 | 3157 | 357 | 2800 | 47592 |
| 21 | 3157 | 337 | 2820 | 44772 |
| 22 | 3157 | 317 | 2840 | 41933 |
| 23 | 3157 | 297 | 2860 | 39073 |
| 24 | 3157 | 277 | 2880 | 36193 |
| 25 | 3157 | 256 | 2900 | 33293 |
| 26 | 3157 | 236 | 2921 | 30372 |
| 27 | 3157 | 215 | 2942 | 27430 |
| 28 | 3157 | 194 | 2962 | 24468 |
| 29 | 3157 | 173 | 2983 | 21484 |
| 30 | 3157 | 152 | 3005 | 18480 |
| 31 | 3157 | 131 | 3026 | 15454 |
| 32 | 3157 | 109 | 3047 | 12407 |
| 33 | 3157 | 88 | 3069 | 9338 |
| 34 | 3157 | 66 | 3091 | 6247 |
| 35 | 3157 | 44 | 3113 | 3135 |
| 36 | 3157 | 22 | 3135 | 0 |